"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - നവകേരളം കർമ്മപദ്ധതി II - വിദ്യാകിരണം മിഷൻ - സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(കൈ) നം.153/2023/GEDN തീയതി,തിരുവനന്തപുരം, 10-10-2023

---

പരാമർശം:- വിദ്യാകിരണം മിഷൻ എക്സിക്യൂട്ടീവ് സെക്രട്ടറിയുടെ 22.08.2023 - ലെ 152/2023/KEM നമ്പർ കത്ത്.

**ഉത്തരവ്**

ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2022 നവംബർ 10 - ന് നടന്ന സംസ്ഥാനതല അവലോകനയോഗത്തിൽ വിദ്യാകിരണം മിഷന്റെ പ്രവർത്തനങ്ങളിൽ അക്കാദമിക കാര്യങ്ങൾക്ക് മുഖ്യപരിഗണന ഉണ്ടായിരിക്കണമെന്നും അതത് പ്രായഘട്ടങ്ങളിൽ കുട്ടികൾ ആർജ്ജിക്കേണ്ട കരിക്കുലം ലക്ഷ്യങ്ങൾ നേടുന്നത് സംബന്ധിച്ച് പ്രത്യേക ശ്രദ്ധ വേണമെന്നും ഇതിനായി പ്രത്യേക പദ്ധതി തയ്യാറാക്കാനും നിർദ്ദേശിച്ചിരുന്നു.

ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15/03/2023 - ന് നടന്ന സംസ്ഥാനതല കർമ്മസമിതിയോഗത്തിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും കുട്ടികൾ ഓരോ പ്രായത്തിലും നേടേണ്ട പാഠ്യപദ്ധതി ലക്ഷ്യങ്ങൾ നേടി എന്ന് ഉറപ്പ് വരുത്തുന്ന സമഗ്രമായ പദ്ധതി രൂപീകരിക്കുന്നതിന് എസ്.എസ്.കെ, എസ്.സി.ഇ.ആർ.ടി, കൈറ്റ്, എസ്.ഐ.ഇ.ടി, വിദ്യാകിരണം, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഇതിനെത്തുടർന്ന് നടന്ന ശില്പശാലകളുടേയും ചർച്ചകളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ

സമഗ്രഗുണമേന്മ വിദ്യാഭ്യാസപദ്ധതിയുടെ പ്രൊപ്പോസലിന്റെ കരട് 24/07/2023 -ന് നടന്ന സംസ്ഥാനതല കർമ്മസമിതിയോഗത്തിൽ അംഗീകരിക്കുകയും പരാമർശക്കത്ത് പ്രകാരം ആയത് സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു.

2023 - 24 അക്കാദമിക വർഷം ആരംഭിച്ച് മൂന്നു വർഷം നീണ്ടു നിൽക്കുന്ന പദ്ധതിയായാണ് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് . ഏഴു വരെയുള്ള പ്രൈമറി ക്ളാസിലെ കുട്ടികളെ കരിക്കുലം വിഭാവനം ചെയുന്ന ലക്ഷ്യങ്ങൾ നേടാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യം. ആദ്യഘട്ടം എന്ന നിലയിൽ ഒന്നു മുതൽ നാലുവരെ ക്ലാസ്സിലെ കുട്ടികളെ പരിഗണിച്ചുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഈ അക്കാദമിക വർഷം പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലെ അനുഭവങ്ങൾ കൂടി പരിഗണിച്ച് അടുത്ത അക്കാദമിക വർഷം മുതൽ നാലാം ക്ലാസ്സ് വരെ എല്ലാ സ്കൂളുകളിലും അഞ്ച് മുതൽ ഏഴു വരെ, പ്രായോഗികത കൂടി കണക്കിലെടുത്തു വിപുലീകരിക്കാനും ഉദ്ദേശിക്കുന്നു.

പ്രസ്തുത പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു. ഓരോ ഏജൻസിയും സമിതിയും ഏറ്റെടുത്ത് നടപ്പിലാക്കേണ്ട /നിർവഹിക്കേണ്ട ചുമതലകൾ മാർഗ്ഗ രേഖയിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. അവ സമയബന്ധിതമായും ഫലപ്രദമായും ഏകോപിപ്പിച്ചു നടപ്പിലാക്കി എന്ന് ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീലത ആർ എസ്
ജോയിന്റ് സെക്രട്ടറി

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. എക്സിക്യൂട്ടീവ് സെക്രട്ടറി, വിദ്യാകിരണം മിഷൻ, 3-ാം നില, ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്യൂ, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം. (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ , ഐ & പി ആർ ഡി
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

(i) ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

(ii) പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.

# സമഗ്ര ഗുണമേന്മാ  വിദ്യാഭ്യാസ പദ്ധതിയുടെ മാർഗ്ഗ രേഖ

## 1) പശ്ചാത്തലം

1. സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഒട്ടു മിക്ക രംഗങ്ങളിലും രാജ്യത്തിന് പുതിയ അനുഭവങ്ങൾ നൽകിയ സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെ സ്കൂൾ വിദ്യാഭ്യാസ രംഗത്തെ കേരളീയ അനുഭവങ്ങൾ രാജ്യവും ലോകവും ശ്രദ്ധിക്കുന്നുണ്ട്. എന്നാൽ 2021 ദേശീയ തലത്തിൽ നടത്തിയ നാഷണൽ അച്ചീവ്മെന്റ് സർവ്വേ പ്രകാരം ഗുണതാ കാര്യങ്ങളിൽ വേണ്ട തോതിൽ മുന്നേറാൻ നമുക്ക് കഴിഞ്ഞില്ല എന്ന് കാണുന്നു. അതിന്റെ പ്രതിഫലനം ഇനിയങ്ങോട്ട് ദേശീയതലത്തിൽ വരുന്ന എല്ലാ റിപ്പോർട്ടുകളിലും ഉണ്ടാകാനിടയുണ്ട്. ഏറ്റവും അവസാനം കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ പെർഫോമൻസ് ഗ്രേഡ് ഇന്റക്സ് 2021– 22 പ്രകാരം കേരളം ഇതുവരെ നിലനിർത്തിയ ഒന്നാം ശ്രേണിയിൽ നിന്നും രണ്ടാം ശ്രേണിയിലേക്ക് മാറിയിരിക്കുകയാണ്. ഫൗണ്ടേഷണൽ ലിറ്ററസി ആന്റ് ന്യൂമറസി (എഫ് എൽ എൻ)യുടെ ഭാഗമായി നടന്ന പഠനത്തിലും ഗുണതാ കാര്യങ്ങളിൽ ഗൗരവമേറിയ പ്രശ്നങ്ങൾ പ്രതിഫലിക്കുന്നുണ്ട്.
2. സ്കൂൾ വിദ്യാഭ്യാസത്തിൽ അക്കാദമിക ഗുണമേന്മയുടെ കാര്യത്തിൽ നാം ആഗ്രഹിച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്നില്ല എന്നാണ് എല്ലാ പഠനങ്ങളും വെളിപ്പെടുത്തുന്നത്. ആന്തരികമായി നടത്തിയ പഠനങ്ങളും ഇതേ പ്രവണതകളാണ് കാണിക്കുന്നത്. കരിക്കുലം ലക്ഷ്യം വച്ചിട്ടുള്ള കാര്യങ്ങളിൽ കുട്ടികൾ ആർജ്ജിക്കുന്നതിനാവശ്യമായ പഠനാനുഭവങ്ങൾ കുട്ടികൾക്ക് നൽകാൻ കഴിയുന്നില്ല എന്നും ഇക്കാര്യങ്ങളിൽ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നു എന്നുമാണ് ഇതിൽ നിന്നെല്ലാം മനസ്സിലാക്കേണ്ടത്.
3. പൊതുവിദ്യാഭ്യാസം സംരക്ഷിക്കപ്പെടണമെങ്കിൽ ഗുണമേന്മയുടെ കാര്യത്തിൽ മുന്നേറേണ്ടതുണ്ട് എന്നത് തർക്കമില്ലാത്ത കാര്യമാണ്. അതിനായി സമഗ്രമായ ഇടപെടലുകൾ ആവശ്യമാണ്. ഇത്തരം ഇടപെടലുകൾ കേരളത്തിൽ നടക്കുന്നുണ്ട്. എന്നിരുന്നാലും ഗുണതാ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതിനായി സമഗ്രമായതും നൂതനവുമായ പ്രവർത്തനപദ്ധതികൾ അനിവാര്യമാണ്. അങ്ങനെ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സമാന്തര പദ്ധതികൾക്ക് പകരം എല്ലാ ക്ലാസ് മുറികളിലും എല്ലാ അധ്യാപകരും സ്വാഭാവികമായി നടത്തുന്ന പഠനപ്രവർത്തനങ്ങളായി മാറ്റുന്നതാകും അഭികാമ്യം.
4. ഈയൊരു പൊതു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസപദ്ധതി. അടുത്ത മൂന്നുവർഷംകൊണ്ട് ഏഴു വരെയുള്ള പ്രൈമറി ക്ലാസുകളിലെ മുഴുവൻ കുട്ടികളെയും കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടാൻ പ്രാപ്തരാക്കുക എന്നതാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസപദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഊന്നൽ.

## 2) പ്രസക്തി

1. എല്ലാ കുട്ടികളും പഠിക്കുകയും വളരുകയും ചെയ്യുമെന്നാണ് കേരളം കൈക്കൊള്ളുന്ന പൊതു നിലപാട്. അങ്ങനെ വന്നാൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാകും. ഓരോ കുട്ടിയും വ്യത്യസ്തരാണ്. ഈ വൈവിധ്യത്തെ സാമൂഹ്യ

പ്രതലത്തിൽ നിന്നുകൊണ്ടു വേണം നോക്കിക്കാണേണ്ടത്. ഓരോ കുട്ടിക്കും സ്വന്തം പരിമിതി മറികടക്കാനും അതിജീവനത്തിനുള്ള ശേഷി നേടാനും കഴിയേണ്ടതുണ്ട്. സാമൂഹ്യമായ ഇടപെടൽ പ്രക്രിയകളിലൂടെയാണ് ഇത് സാധ്യമാകേണ്ടത്. യുക്തി സഹമായും സ്വതന്ത്രമായും ചിന്തിക്കാനും ആത്മവിശ്വാസത്തോടെ പെരുമാറാനും തന്റെ സവിശേഷമായ കഴിവുകളും അഭിരുചികളും പരമാവധിയിലേക്ക് വികസിപ്പിക്കാനുമുള്ള പൊതുവായ അവസരങ്ങളും സവിശേഷ അനുഭവങ്ങളും ഓരോ കുട്ടിക്കും ലഭിക്കണം. എല്ലാ കുട്ടികളെയും വിദ്യാലയത്തിൽ എത്തിക്കാനും മികച്ച വിദ്യാലയസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാനും കേരളസമൂഹത്തിന് കഴിഞ്ഞിട്ടുണ്ട്. ഓരോ കുട്ടിയുടെയും സവിശേഷത പരിഗണിച്ചുകൊണ്ട് വിദ്യാഭ്യാസത്തിൽ സാമൂഹ്യനീതി ഉറപ്പാക്കുന്നതിൽ നാം ഇനിയും മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. കുട്ടിയുടെ പഠനസാഹചര്യം, പഠനരീതി, പഠനവേഗത, പഠനശീലങ്ങൾ, ഗൃഹാന്തരീക്ഷം, സാമൂഹ്യ സാഹചര്യം, ശാരീരിക-മാനസിക -വൈകാരിക അവസ്ഥകൾ ഇവയൊക്കെ വ്യത്യസ്തങ്ങളാണ്. ഈ വൈവിധ്യം ഉൾക്കൊണ്ടുകൊണ്ട് ഓരോ കുട്ടിയെയും പഠനത്തിന്റെ ഭാഗമായി ഉൾച്ചേർക്കാൻ കഴിയുമ്പോഴാണ് സാമൂഹ്യനീതി ഉറപ്പാകുന്നത്.

2. ഓരോ കുട്ടിയുടെയും സാംസ്കാരികത്തനിമ അംഗീകരിച്ചു കൊണ്ടുതന്നെ മുന്നോട്ടു പോകാൻ കഴിയണം. ഭാഷാഭേദം, സംസ്കാരം, സാമൂഹ്യ ക്രമങ്ങൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ തുടങ്ങിയവയിലെല്ലാം വൈവിധ്യം പുലർത്തുന്നുണ്ട് എന്നതും പരിഗണിക്കണം. തീരദേശത്തുള്ള കുട്ടികളുടെയും മലയോര പ്രദേശങ്ങളിലെ കുട്ടികളുടെയും അനുഭവങ്ങളുടെ വ്യതിരിക്തതയും വൈവിധ്യവും പരിഗണിക്കേണ്ടിയിരിക്കുന്നു. നഗരത്തിലെ കുട്ടികളുടെ അനുഭവ പശ്ചാത്തലം ഇതിൽ നിന്നെല്ലാം വ്യത്യസ്തമാണ്.

3. കുട്ടികളുടെ പഠനാഭിമുഖ്യം, പഠനവേഗത, പഠനക്ഷമത, പ്രതീക്ഷകൾ തുടങ്ങിയ നിരവധി കാര്യങ്ങളെ സ്വാധീനിക്കുന്ന ശാരീരിക, മാനസിക, വൈകാരിക, സാമൂഹിക, സാംസ്കാരിക, ഘടകങ്ങൾ കൂടി പരിഗണിക്കുമ്പോൾ മാത്രമേ വിദ്യാഭ്യാസം എന്നത് എല്ലാവരേയും ഉൾക്കൊള്ളുന്നതാകൂ. ഏറ്റവും ദുർബലരായവരുടെ ശേഷീവികാസം കൂടി സാധ്യമാകുമ്പോഴാണ് ശരിയായ ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാകുന്നത്. ശാരീരികവും മാനസികവുമായ പരിമിതികൾ അനുഭവിക്കുന്നവർ, ഗോത്രജനത, തീരദേശജനത, പട്ടികജാതി വിഭാഗങ്ങൾ, ഇതരസംസ്ഥാന തൊഴിലാളികൾ, ഭാഷാ ന്യൂനപക്ഷങ്ങൾ, ജെന്റർ സ്പെക്ട്രത്തിലെ വിഭാഗങ്ങൾ, അനാഥർ, ചേരികളിലും തെരുവുകളിലും താമസിക്കുന്നവർ, സ്ഥിരം രോഗികൾ, ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ടവർ, സാമൂഹ്യമായി ബഹിഷ്കരിക്കപ്പെടുന്നവർ തുടങ്ങി സവിശേഷമായ ശ്രദ്ധയും പരിഗണനയും ലഭിക്കേണ്ട കുടുംബങ്ങളിൽ നിന്നും എത്തിച്ചേരുന്ന നിരവധി കുട്ടികൾ നമ്മുടെ ക്ലാസ് മുറികളിൽ ഉണ്ട്. ഇക്കാര്യങ്ങളെല്ലാം ഗുണമേന്മാ പദ്ധതിയുടെ പ്രവർത്തന ഘട്ടത്തിൽ പരിഗണന അർഹിക്കുന്നുണ്ട്.

4. കോവിഡ് കാലത്ത് ഉണ്ടായ പഠനവിടവുകൾ പൂർണമായി നികത്താൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. ദേശീയ സംസ്ഥാന ഏജൻസികൾ നടത്തിയ പല പഠനങ്ങളും വെളിപ്പെടുത്തുന്നത് ഈ വസ്തുതയാണ്. അടിസ്ഥാനപഠനശേഷികൾ നേടുന്നതിൽ വലിയ തോതിൽ കുട്ടികൾക്ക് കുറവ് സംഭവിച്ചതായിട്ടാണ് ഈ പഠനങ്ങളിൽ കാണുന്നത്. ഈ പ്രശ്നം പരിഹരിക്കേണ്ടത് അനിവാര്യമാണ്-അടിസ്ഥാന ഭാഷാശേഷികളും ഗണിത

ശേഷികളും ആർജ്ജിക്കാത്തവരിൽ ഏറെയും സാമൂഹിക സാമ്പത്തിക ആരോഗ്യ വൈകാരിക പരിമിതികൾ അനുഭവിക്കുന്ന കുട്ടികളാണ് എന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. കേവലമായ അടിസ്ഥാനശേഷി അല്ല ഗുണമേന്മയുള്ള വിദ്യാഭ്യാസമാണ് നാം ലക്ഷ്യം വയ്ക്കുന്നത്.

5. പ്രൈമറി ഘട്ടം ഏഴാം ക്ലാസ്സുവരെയായതിനാൽ പ്രസ്തുത ക്ലാസ്സുകളിലെ കുട്ടികളെ ലക്ഷ്യം വച്ചുകൊണ്ടുള്ള സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ഈ ഘട്ടത്തിൽ ആസൂത്രണം ചെയ്യാം. മൂന്ന് വർഷമെങ്കിലും ഈ പദ്ധതി തുടരേണ്ടി വരും. ഇതിൽ നിന്നും ലഭിക്കുന്ന അനുഭവങ്ങൾ ക്ലാസ്സ് മുറിയിൽ സ്വാഭാവികമായി നടക്കുന്ന പഠനത്തിന്റെ ഭാഗമാകണം. ആദ്യഘട്ടം എന്ന നിലയിൽ ഒന്നു മുതൽ നാലുവരെ ക്ലാസ്സിലെ കുട്ടികളെ പരിഗണിച്ചുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഈ അക്കാദമിക വർഷം പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കാം. ഇതിലെ അനുഭവങ്ങൾ കൂടി പരിഗണിച്ച് അടുത്ത അക്കാദമിക വർഷം മുതൽ നാലാം ക്ലാസ്സ് വരെ എല്ലാ സ്കൂളുകളിലും അഞ്ച് മുതൽ ഏഴു വരെ പ്രായോഗികത കൂടി കണക്കിലെടുത്തും ഈ പദ്ധതി വിപുലീകരിക്കാം. അടുത്ത അക്കാദമിക വർഷം പ്രീസ്കൂളുകളെക്കൂടി പരിഗണിക്കാവുന്നതാണ്.

6. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മാതൃകയിൽ എല്ലാ വിദ്യാഭ്യാസ സംവിധാനങ്ങളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് വിദ്യാകിരണം മിഷൻ പ്ലാറ്റ്ഫോമിനെ ഫലപ്രദമായി പ്രയോജനപ്പെടുത്തിക്കൊണ്ട് വിപുലമായ ആസൂത്രണത്തോടെ വേണം ഈ പദ്ധതി നടപ്പിലാക്കേണ്ടത്.

### 3) പദ്ധതിയുടെ പൊതുലക്ഷ്യങ്ങൾ :-

1. ഏഴുവരെയുള്ള ക്ലാസ്സുകളെയാണ് ലക്ഷ്യമിടുന്നതെങ്കിലും ആദ്യഘട്ടമായി ഒന്നു മുതൽ നാലുവരെ ക്ലാസ്സുകൾക്കായി പാഠ്യപദ്ധതി മുന്നോട്ട് വച്ചിട്ടുള്ള പഠന ലക്ഷ്യങ്ങൾ എല്ലാ കുട്ടികളും നേടി എന്നുറപ്പാക്കുക.
2. എല്ലാ കുട്ടികളേയും ഉൾപ്പെടുത്തിയും ഉൾച്ചേർത്തും ഉൾക്കൊണ്ടും വിദ്യാഭ്യാസത്തിലെ സാമൂഹ്യനീതി ഉറപ്പാക്കുക
3. കുട്ടികൾക്ക് സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ എന്നിവയിലൂടെ നിരന്തരമായി സ്വയം മെച്ചപ്പെടുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനുള്ള തന്ത്രങ്ങളും ആവിഷ്കരിച്ച് നടപ്പാക്കുക.
4. ഭിന്നശേഷിക്കാരായ കുട്ടികളെ പഠനത്തിന്റെ ഭാഗമായി ഉൾചേർക്കുന്നതിനും പഠന പ്രവർത്തനങ്ങളിൽ ആവശ്യമായ അനുരൂപീകരണം നടത്തുന്നതിനും അധ്യാപകരെ സജ്ജമാക്കുക.
5. കുട്ടികളിലെ വ്യക്തിവ്യത്യാസം ഉൾക്കൊണ്ടു കൊണ്ട് പഠനമുന്നേറ്റം നടത്തുന്നതിനാവശ്യമായ പഠനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ആവശ്യമായ പിന്തുണ അധ്യാപകർക്ക് ലഭ്യമാക്കുക.
6. പദ്ധതിയുടെ ഓരോ ഘട്ടത്തിലേയും ഫലപ്രാപ്തി വിശകലനം ചെയ്യാൻ അധ്യാപകരെ സജ്ജമാക്കുക.

7. വാർഷിക പഠനലക്ഷ്യങ്ങൾ മുൻകൂട്ടി പ്രഖ്യാപിച്ചുകൊണ്ട് കുട്ടികളുടെ വികസനം ഉറപ്പാക്കുന്നതിന് വിദ്യാലയങ്ങളെ ശക്തിപ്പെടുത്തുക.
8. മാറിയ സാഹചര്യത്തിനും പുതിയ ആവശ്യകതയ്ക്കും അനുസരിച്ച് അക്കാദമിക മാസ്റ്റർ പ്ലാൻ മെച്ചപ്പെടുത്തുകയും നിർവഹണ പദ്ധതി രൂപീകരിക്കുകയും ചെയ്യുക.
9. ക്ലാസ്സിൽ നടക്കുന്ന ഓരോ പഠനപ്രവർത്തനത്തിലും അറിവുനിർമ്മാണ പ്രക്രിയ ഉറപ്പാക്കുന്നതിന് ആവശ്യമായ ആസൂത്രണം നടത്തുന്നതിന് സ്കൂൾ റിസോഴ്സ് ഗ്രൂപ്പിനെ സജ്ജമാക്കുക.
10. രക്ഷാകർത്താക്കൾക്ക് തങ്ങളുടെ റോൾ തിരിച്ചറിയുന്നതിന് ആവശ്യമായ വിദ്യാഭ്യാസം ലഭ്യമാക്കുക.

**4)പ്രായോഗിക പരിപാടികൾ:** താഴെപ്പറയുന്ന പ്രവർത്തനങ്ങൾ പരിഗണിച്ചുള്ള പ്രായോഗിക പദ്ധതികളാണ് ആവിഷ്കരിക്കേണ്ടത്. അനുഭവങ്ങളുടെ അടിസ്ഥാന ത്തിൽ കൂട്ടിച്ചേർക്കലുകൾ ആകാവുന്നതാണ്.

1. ഓരോ അക്കാദമിക വർഷവും അതത് അക്കാദമിക വർഷത്തിനാവശ്യമായ പ്രായോഗിക പദ്ധതികൾ ആവിഷ്കരിക്കണം. ഇതിന്റെ ഭാഗമായി ഓരോ അക്കാദമിക വർഷത്തിനും അനുഗുണമായ പ്രവർത്തന രൂപരേഖ വികസിപ്പിക്കണം.
2. അധ്യാപകരെ സജ്ജമാക്കുക എന്നത് വളരെ പ്രധാനമാണ്. ഇതിനാവശ്യമായ ക്രമീകരണങ്ങൾ ആവിഷ്കരിക്കണം. അധ്യാപകരെ സജ്ജമാക്കാൻ വിവിധ തട്ടിലുള്ള പരിശീലകരെ സജ്ജമാക്കണം.
3. വിദ്യാഭ്യാസ സംവിധാനത്തെയാകെ ഈ പ്രവർത്തന പദ്ധതി മുന്നോട്ട് കൊണ്ടുപോകാനാവശ്യമായ നേതൃത്വപരമായ പങ്ക് വഹിക്കാൻ സജ്ജരാക്കണം.
4. കുട്ടികളെ വിവിധ ഘട്ടങ്ങളിൽ വിലിയിരുത്താനുള്ള സൂചകങ്ങൾ തയ്യാറാക്കൽ, പഠനോപാധികൾ വികസിപ്പിക്കൽ, സാങ്കേതിക വിദ്യാഉപാധികൾ വികസിപ്പിക്കൽ, പരിശീലന മോഡ്യൂളുകൾ വികസിപ്പിക്കൽ, അധ്യാപക പരിശീലനം തുടങ്ങി ഓരോ വർഷവും തയ്യാറാക്കുന്ന പ്രവർത്തന പദ്ധതികൾക്കനുഗുണമായ ഉപാധികൾ വികസിപ്പിക്കൽ തുടങ്ങിയയെല്ലാം ഈ പദ്ധതിയുടെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങളായിരിക്കും.
5. തുടക്ക വിലയിരുത്തലും (ബേസ്ലൈൻ) ഇടക്കാല വിലയിരുത്തലും ( മിഡ്ലൈൻ) വർഷാന്ത്യ വിലയിരുത്തലും (എന്റ്ലൈൻ) എല്ലാ വർഷവും ഉണ്ടാകണം. ഇതിനാവശ്യമായ ടൂളുകൾ പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കണം.
6. മോണിറ്ററിങ്ങിനാവശ്യമായ ഉപാധികൾ വികസിപ്പിക്കുക. മോണിറ്ററിങ്ങിന്റെ ഭാഗമാകുന്ന അക്കാദമിക / ഭരണ നിർവ്വഹണ ഉദ്യോഗസ്ഥരെ സജ്ജരാക്കുക .
7. കൃത്യമായ ഇടവേളകളിൽ വിവിധ തലങ്ങളിൽ റിവ്യൂ നടക്കണം. ഇതിൽ സംവിധാനപരമായ ( സിസ്റ്റം) റിവ്യൂവും അക്കാദമികമായ റിവ്യൂവും ഉണ്ടാകണം.

8. രക്ഷാകർത്താക്കളെ സജ്ജമാക്കൽ ഒരു പ്രധാന ഘടകമാകണം.

**5) നിർവ്വഹണം :** 15/03/2023 ന് നടന്ന വിദ്യാകിരണം സംസ്ഥാന മിഷൻ കർമ്മസമിതിയോഗം ചുവടെ പറയുന്ന വിധമാണ് തീരുമാനം കൈക്കൊണ്ടത്.

1. വിദ്യാകിരണം മിഷന്റെ പൊതു പ്ലാറ്റ്ഫോമിലാണ് ഈ പദ്ധതി നടപ്പാക്കേണ്ടത്.
2. പൊതുഏകോപനം – പൊതുവിദ്യാഭ്യാസ ഡയറക്ടർ
3. നിർവ്വഹണ ചുമതല – എസ്.എസ്.കെ
4. അക്കാദമിക കാര്യങ്ങൾ – എസ്.സി.ഇ.ആർ.ടി, എസ്.എസ്.കെ, വിദ്യാകിരണം മിഷൻ
5. സാങ്കേതിക കാര്യങ്ങൾ – കൈറ്റ്, എസ്. ഐ.ഇ.റ്റി
6. പ്രഥമാധ്യാപകരെ സജ്ജമാക്കൽ – സീമാറ്റ്, എസ്.എസ്.കെ

**6) സംഘടനാ സംവിധാനം**

1. സംസ്ഥാനതലം : പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി (അധ്യക്ഷത), ഡിജിഇ, എസ്.സി.ഇ.ആർ.ടി ഡയറക്ടർ, സി.ഇ.ഒ കൈറ്റ്, എസ്.ഐ.ഇ.റ്റി ഡയറക്ടർ, സീമാറ്റ് ഡയറക്ടർ, വിദ്യാകിരണം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ, നോഡൽ ഓഫീസർ വിദ്യാകിരണം (എഡിപിഐ, അക്കാദമികം), എസ്.എസ്.കെ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ (കൺവീനർ )
2. ജില്ലാതലം : ഡിഡിഇ (അധ്യക്ഷത) വിദ്യാകിരണം മിഷൻ കോർഡിനേറ്റർ, ഡയറ്റ് പ്രിൻസിപ്പൽ, ആർഡിഡി(ഹയർസെക്കണ്ടറി), എഡി (വൊക്കേഷണൽ ഹയർ സെക്കണ്ടറി), കൈറ്റ് ജില്ലാ കോർഡിനേറ്റർ, എസ്.എസ്.കെ. ജില്ലാ പ്രോജക്ട് കോർഡിനേറ്റർ ( കൺവീനർ).
3. ബ്ലോക്ക് റിസോഴ്സ് സെന്റർ തലം : എഇഒ (അധ്യക്ഷത), ഡയറ്റ് ഫാക്കൽറ്റി, കൈറ്റ് പ്രതിനിധി, എസ്.എസ്.കെ ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ ( കൺവീനർ)
4. തദ്ദേശഭരണതലം : പിഇസി / എംഇസി / സിഇസി
5. സ്കൂൾതലം : പിടിഎ, അക്കാദമിക തലം: എസ്.ആർ.ജി

**7)സംഘാടനവും വിവിധ ഏജൻസികളുടെ ഏകോപനവും:** വിവിധ തലങ്ങളിൽ ഈ പ്രവർത്തന പദ്ധതിയുടെ ഭാഗമാകുന്ന ഏജൻസികളുടെ ഫലപ്രദമായ ഏകോപനവും നിർവ്വഹണ നേതൃത്വവും വഹിക്കേണ്ടത് അതത് തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള സംഘടനാ സംവിധാനങ്ങളാണ്. ഇങ്ങനെ ചെയ്യുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

1. വിവിധ ഏജൻസികൾ നടത്തുന്ന പ്രവർത്തന പദ്ധതികൾ കൺവേർജ് ചെയ്യേണ്ടത്

അനിവാര്യമാണ്. കൂടാതെ സമഗ്രഗുണമേന്മ പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുക എന്നതിന്റെ ഭാഗമായി എസ്.എസ്.കെ നടത്തുന്ന വിവിധ അക്കാദമിക പ്രവർത്തനങ്ങളും കൺവേർജ് ചെയ്യേണ്ടതുണ്ട്.

2. ഏഴു വരെയുള്ള ക്ലാസ്സുകളെയാണ് ലക്ഷ്യം വയ്ക്കുന്നതെങ്കിലും ഒന്നാം ഘട്ടം എന്ന നിലയിൽ ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളുടെ ഗുണമേന്മ വർദ്ധനവിനായി പൊതുവിദ്യാഭ്യാസവകുപ്പും വിവിധ ഏജൻസികളും ആവിഷ്കരിക്കുന്ന പദ്ധതികൾ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായിട്ടായിരിക്കും നടപ്പിലാക്കുക.

3. ഒന്നു മുതൽ നാലുവരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ അടിസ്ഥാന ഭാഷ, ഗണിതശേഷികൾ, പരിസരത്തെ നിരീക്ഷിക്കാനും ആർജ്ജിച്ച കഴിവുകൾ ജീവിത പരിസരവുമായി ബന്ധപ്പെടുത്തുന്നതിനും വേണ്ട ശേഷികൾ എന്നിവ നിശ്ചിത ഘട്ടത്തിനകത്ത് തന്നെ കൈവരിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി വഴി കഴിയേണ്ടതുണ്ട്. (അഞ്ച് മുതൽ ഏഴുവരെ ക്ലാസ്സുകൾ പരിഗണിക്കുമ്പോൾ അതത് ഘട്ടങ്ങളിൽ കരിക്കുലം വിഭാവനം ചെയ്യുന്ന അറിവും കഴിവും ശേഷിയും കുട്ടികളിൽ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം വയ്ക്കേണ്ടത്). പ്രീസ്കൂളുകളിലുള്ള ഇടപെടൽ സാധ്യതയും ആരായാവുന്നതാണ്.

4. 2023– 24 മുതൽ 3 അക്കാദമിക വർഷക്കാലമാണ് പദ്ധതിയുടെ നടത്തിപ്പ് കാലം. പൊതുവിദ്യാഭ്യാസവകുപ്പാണ് വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് നിശ്ചിതകാലയളവിനുള്ളിൽ തന്നെ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള ചുമതല നിർവഹിക്കേണ്ടത്.

5. ഈ പദ്ധതി നടപ്പാക്കുന്ന ക്ലാസ്സുകളിൽ പ്രവർത്തനങ്ങൾക്കായി പൊതുപ്രവർത്തന വാർഷിക കലണ്ടർ ഓരോ വർഷവും രൂപീകരിക്കണം. പ്രവർത്തനപരിപാടികൾ സ്കൂൾതലത്തിലും ക്ലാസ് തലത്തിലും നിർവഹിക്കുന്നതിന് കൃത്യമായ പഠനപിന്തുണാ പാക്കേജും അധ്യാപകരെ സജ്ജമാക്കുന്ന പരിശീലനപരിപാടി അടക്കമുള്ള പ്രവർത്തനങ്ങളും ആവശ്യമാണ്.

### 8) വിവിധ ഏജൻസികളുടെ ചുമതല

1. **വിദ്യാകിരണം:** വിദ്യാകിരണം മിഷന്റെ ഭാഗമായാണ് ഈ പദ്ധതി സംസ്ഥാനത്തുടനീളം നടപ്പിലാക്കേണ്ടത്. വിദ്യാകിരണത്തിന്റെ എല്ലാ സംവിധാനങ്ങളും ഈ പദ്ധതിയുടെ വിജയത്തിനായി പ്രയോജനപ്പെടുത്തേണ്ടതാണ്.എല്ലാ ജില്ലകളിലും വിദ്യാകിരണം കോ-ഓർഡിനേറ്റർമാർ ജില്ലാതലത്തിൽ ചുമതലകൾ നിർവഹിക്കേണ്ടതുമാണ്.
2. **പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്:** ഈ പദ്ധതിയുടെ പൊതു ഏകോപനം പൊതുവിദ്യാഭ്യാസ ഡയറക്ടർക്കാണ്. സംസ്ഥാന തലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഏറ്റവും പ്രധാന അക്കാദമിക പദ്ധതിയായി ഈ പദ്ധതിയെ പരിഗണിക്കേണ്ടതാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അധികാരപരിധിയിലുള്ള ഡയറ്റ്, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ

വിദ്യാഭ്യാസ ഓഫീസർ എന്നിവർ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ ചുമതലകളും കൃത്യമായി നിർവഹിക്കുന്നതിനാവശ്യമായ ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിക്കേണ്ടതാണ്. അതോടൊപ്പം ഇവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്. ജില്ലകളിൽ അക്കാദമിക പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി ഡയറ്റിലെ ഒരു ഫാക്കൽറ്റിയെ ഉത്തരവാദിത്തപ്പെടുത്തുന്നത് ഉചിതമാകും. ഉപജില്ലാതലം മുതൽ സംസ്ഥാനതലംവരെ പ്രതിമാസ അവലോകനങ്ങൾ കൃത്യമായി നടക്കുന്നുവെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് ഉറപ്പാക്കണം. വിദ്യാകിരണം മിഷന്റെ സാധ്യതയും ഏകോപനം ഉറപ്പാക്കുന്നതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

3. **എസ്.സി.ഇ.ആർ.ടി.:** പദ്ധതിയുടെ അക്കാദമിക ചുമതല എസ്.സി.ഇ.ആർ.ടി.ക്ക് ആയിരിക്കും. ഈ പദ്ധതിയുടെ ഭാഗമായ അക്കാദമിക വിഭവങ്ങൾ വികസിപ്പിക്കുമ്പോൾ- അക്കാദമിക മാർഗരേഖ, പഠനബോധന സാമഗ്രികൾ, പരിശീലന സാമഗ്രികൾ, വിലയിരുത്തൽ സാമഗ്രികൾ- നിർവ്വഹണ ഏജൻസിയായ എസ്.എസ്.കെ, വിദ്യാകിരണം മിഷൻ, മറ്റ് ഏജൻസികൾ എന്നിവയുടെ നിർദ്ദേശങ്ങളും വൈദഗ്ധ്യവും പ്രയോജനപ്പെടുത്തണം. ലഭ്യമാകുന്ന ഫീഡ്ബാക്കിന്റെ കൂടി അടിസ്ഥാനത്തിലാകണം അക്കാദമിക കാര്യങ്ങൾ തീരുമാനിക്കേണ്ടത്. അക്കാദമിക വിഭവങ്ങൾ യഥാസമയം ലഭ്യമാക്കാനുള്ള ക്രമീകരണങ്ങൾ എസ്.സി.ഇ.ആർ.ടിയുടെ ഭാഗത്തുനിന്നും ഉണ്ടാക്കണം. ഇതിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി ഫാക്കൽട്ടി അംഗം കൺവീനറായി എസ്.എസ്.കെ, വിദ്യാകിരണം മിഷൻ ഉദ്യോഗസ്ഥർ അംഗങ്ങളായ അക്കാദമിക ഉപസമിതി രൂപീകരിക്കാവുന്നതാണ്.

4. **കൈറ്റ്, എസ്.ഐ.ഇ.ടി.**

- പദ്ധതിയുടെ സുഗമമായ നിർവഹണത്തിനായി വിവിധ ഏജൻസികൾ (ഡിജിഇ, എസ്.സി.ഇ.ആർ.ടി, എസ്.എസ്.കെ., വിദ്യാകിരണം, സീമാറ്റ് കേരള) ആവശ്യപ്പെടുന്ന സാങ്കേതിക സഹായം നൽകാനുള്ള ചുമതല കൈറ്റ്, എസ്.ഐ.ഇ.ടി. എന്നിവയ്ക്കായിരിക്കും.
- പഠനബോധനത്തിനാവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ, വിലയിരുത്തൽ, മോണിറ്ററിങ്ങിന് ആവശ്യമായ ഓൺലൈൻ സംവിധാനം, ആവശ്യമായ സോഫ്റ്റ്‌വെയർ വികസനം, ഡിജിറ്റൽ ഡോക്യുമെന്റേഷന് ആവശ്യമായ സഹായങ്ങൾ എന്നിവ കൈറ്റ് നൽകണം.

5. **സീമാറ്റ്-കേരള**

ജില്ലാതല ഉദ്യോഗസ്ഥരുടെ സംസ്ഥാനതല ശില്പശാല സംഘടിപ്പിക്കൽ. പ്രഥമാധ്യാപകർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്കുള്ള മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ് നിർവ്വഹിക്കണം. ഇത് നിർവ്വഹിക്കുന്നതിനാവശ്യമായ എല്ലാവിധ സഹായങ്ങളും അനിവാര്യമായ ഘട്ടങ്ങളിൽ സാമ്പത്തികവുമടക്കം മറ്റ് ഏജൻസികളിൽ നിന്ന് തേടാവുന്നതാണ്.

## 6. സമഗ്രശിക്ഷാ കേരളം

- സമഗ്രഗുണമേന്മാ വിദ്യാഭ്യാസപദ്ധതിയുടെ നിർവ്വഹണ ചുമതല എസ്.എസ്.കെ – ക്കായിരിക്കും. വിദ്യാഭ്യാസ വകുപ്പിന്റെ എല്ലാ ഏജൻസികളുടേയും സഹകരണത്തോടെയാകണം നിർവ്വഹണം നടത്തേണ്ടത്. സമഗ്രശിക്ഷ വഴി നടപ്പാക്കുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളെ ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടി കൺവെർജ് ചെയ്യാവുന്നതാണ്. സംസ്ഥാനത്തും ജില്ലയിലും ബിആർസികളിലും ക്ലസ്റ്റർ റിസോഴ്സ് സെന്ററുകളിലുമുള്ള അക്കാദമിക/ഭരണ നിർവ്വഹണ ഉദ്യോഗസ്ഥരെയെല്ലാം ഈ പദ്ധതി സംബന്ധിച്ച് ബോധ്യമുള്ളവരാക്കി മാറ്റേണ്ടതുണ്ട്. ബിആർസികളുടേയും സിആർസികളുടേയും പ്രധാനപ്പെട്ട ചുമതലകളിലൊന്നായി ഈ പദ്ധതി മാറേണ്ടതുണ്ട്. സ്കൂൾതല, ക്ലസ്റ്റർതല, ബിആർസിതല, ജില്ലാതല, സംസ്ഥാനതല പ്രവർത്തനങ്ങൾക്ക് അക്കാദമിക നേതൃത്വം നൽകുന്നവർക്കായുള്ള പരിശീലന പിന്തുണയും സാമഗ്രി പിന്തുണയും ആണ് സമഗ്രശിക്ഷ കേരളം വഴി പ്രധാനമായും നടക്കേണ്ടത്. കൂടാതെ ബേസ്‌ലൈൻ അസസ്മെന്റ്, മിഡ്‌ലൈൻ അസസ്മെന്റ്, എന്റ്‌ലൈൻ അസസ്മെന്റ് ആവശ്യമായ ഘട്ടങ്ങളിൽ മറ്റ് സൂചകങ്ങൾ പ്രയോജനപ്പെടുത്തി സവിശേഷ ശ്രദ്ധ ആവശ്യമുള്ള വിഭാഗങ്ങളുടെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ നിന്ന് ഈ പദ്ധതി മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യങ്ങൾ നേടുന്നതുമായി ബന്ധപ്പെട്ട് കുട്ടികളുടെ പഠനനില സംബന്ധിയായ അധിക വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ടെങ്കിൽ അവയുടെ ശേഖരണം തുടങ്ങിയവയെല്ലാം എസ്.എസ്.കെയുടെ പ്രവർത്തന പരിധിയിൽ ഉൾക്കൊള്ളുന്നതാണ്. അധ്യാപകർക്കാവശ്യമായ സ്പെഷ്യൽ പാക്കേജുകൾ ആവശ്യമായ ഘട്ടങ്ങളിൽ വികസിപ്പിക്കാവുന്നതാണ്. അധ്യാപകർക്ക് തത്സ്ഥല പിന്തുണ നൽകുന്നതിനായി ട്രെയിനർമാർ, സിആർസി കോർഡിനേറ്റർമാർ എന്നിവരുടെ സേവനം ഈ പദ്ധതിയുടെ ഭാഗമായി വിനിയോഗിക്കാവുന്നതാണ്. പദ്ധതി നടപ്പാക്കുന്ന സ്കൂളുകളിൽ നിശ്ചിത ഇടവേളകളിൽ പോകാനും പിന്തുണ നൽകാനും വേണ്ട പരിശീലകരുണ്ട് എന്ന് ഉറപ്പുവരുത്തണം. പൈലറ്റ് ഘട്ടത്തിൽ ഒരു പരിശീലകൻ/പരിശീലകയ്ക്ക് രണ്ടോ-മൂന്നോ സ്കൂളിന്റെ ചുമതല മാത്രം വരുന്ന തോതിൽ ചുമതല നൽകാവുന്നതാണ്.
- **പരിശീലകരെ സജ്ജരാക്കൽ:** വളരെ ശാസ്ത്രീയമായും ചിട്ടയായും സമയബന്ധിതമായി പരിശീലകരെ സജ്ജമാക്കേണ്ടതുണ്ട്. അതിന്റെ ഉള്ളടക്ക കാര്യങ്ങൾ അക്കാദമികമായി തീരുമാനിക്കണം.
- **അധ്യാപക പരിശീലനങ്ങൾ :** തയ്യാറാക്കപ്പെട്ട മോഡ്യൂളിനെ കേന്ദ്രീകരിച്ച് സമയബന്ധിതമായി അധ്യാപക പരിശീലനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. എസ്.എസ്.കെയുടെ നേതൃത്വത്തിൽ ആയിരിക്കും അധ്യാപക പരിശീലന പരിപാടികൾ നടപ്പിലാകുന്നത്. പരിശീലനങ്ങൾ / സംഗമങ്ങൾ ഏത് തലത്തിൽ വേണമെന്നത് അതത് ഘട്ടങ്ങളിൽ തീരുമാനിക്കാവുന്നതാണ്. കൃത്യമായ വിലയിരുത്തലുകൾ അതത് അവസരങ്ങളിലുണ്ടാകും.
- **ഫീഡ്ബാക്ക് :** പദ്ധതിയുടെ നടത്തിപ്പ്, സ്കൂൾതല ക്ലാസ് പ്രവർത്തനങ്ങൾ, കുട്ടികളുടെ പഠനപുരോഗതി എന്നിവ സംബന്ധിച്ച കൃത്യമായ ഫീഡ്ബാക്ക് ഉപജില്ലാ-

ജില്ലാതലങ്ങളിൽ റിവ്യൂ ചെയ്യപ്പെടേണ്ടതാണ്. ആവശ്യമായ വിദ്യാലയങ്ങളിൽ വിഭവപിന്തുണ നൽകുവാൻ കഴിയണം. പദ്ധതിയുടെ വിശദമായ ഡോക്യുമെന്റേഷൻ എസ്എസ്കെയുടെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതാണ്. ഇതിനാവശ്യമായ സാങ്കേതിക സഹായം കൈറ്റ് നൽകേണ്ടതുണ്ട്. സഹിതം പോർട്ടലിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്താൻ കഴിയണം.

- ഇങ്ങനെ തീരുമാനിക്കുമ്പോൾ ജില്ലകൾ ഇക്കാര്യത്തിൽ ഡയറ്റിന്റെ സാധ്യത പൂർണ്ണമായും പ്രയോജനപ്പെടുത്തണം. ജില്ലകളിലെ അക്കാദമിക കാര്യങ്ങളിൽ ഡയറ്റുകളുടെ പങ്കാളിത്തം ഉറപ്പാക്കണം. ഡയറ്റുകളുമായി കൂടിയാലോചിച്ച് അക്കാദമിക വിഭവങ്ങൾ തയ്യാറാക്കണം. സാങ്കേതിക കാര്യങ്ങൾക്ക് കൈറ്റിന്റെ പിന്തുണ പൂർണ്ണമായും പ്രയോജനപ്പെടുത്തണം. പദ്ധതിയുടെ നടത്തിപ്പിന് മുന്നോടിയായി സംസ്ഥാന, ജില്ലാ, സബ്ജില്ലാ തലങ്ങളിൽ ആസൂത്രണയോഗങ്ങൾ ചേരേണ്ടതാണ്. ഉപജില്ലാ, ജില്ലാതലങ്ങളിൽ ക്രോഡീകരിക്കപ്പെട്ട കുട്ടികളുടെ പഠനപുരോഗതി രേഖകളുടെ അടിസ്ഥാനത്തിലാകണം സൂക്ഷ്മതല ആസൂത്രണം നടപ്പിലാക്കേണ്ടത്.
- **പഠന പാക്കേജുകളുടെ വികസനം:** ഈ പദ്ധതി ഒരു അന്വേഷണാത്മക പദ്ധതി യാണ്. ഓരോ ഘട്ടത്തിലും ആവശ്യമുള്ള പഠനസാമഗ്രികൾ വികസിപ്പിക്കേണ്ടതുണ്ട്. അത്തരം പഠനപാക്കേജുകൾ തയ്യാറാക്കുമ്പോൾ കഴിഞ്ഞ കാലങ്ങളിൽ വികസിപ്പിച്ച ഉപാധികളും പരിശോധിക്കുന്നത് ഉചിതമാകും. പഠനപാക്കേജുകൾ വികസിപ്പിക്കുന്ന തിനുള്ള നേതൃത്വം എസ്.എസ്.കെ – ക്കായിരിക്കും.
- **സാമഗ്രിപിന്തുണ:** വളരെ പ്രധാനപ്പെട്ട ഒന്നാണിത്. ഈ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് നിരവധി സാമഗ്രികൾ ക്ലാസ്മുറിയിൽ/സ്കൂളിൽ പ്രയോജനപ്പെടു ത്തേണ്ടിവരും. ഈ കാര്യം മികച്ച നിലയിൽ ചെയ്യുന്നതിന് സമഗ്രശിക്ഷാ കേരളത്തിന്റെ വിവിധ പദ്ധതികളെ പ്രയോജനപ്പെടുത്താൻ കഴിയും. ഇങ്ങനെ പരമാവധി പദ്ധതികളെ സമഗ്രഗുണമേന്മാ പദ്ധതിയിലേയ്ക്ക് പ്രയോഗതലത്തിൽ ഇണക്കിച്ചേർക്കുകയാണെങ്കിൽ പരിശീലകരുടെ വിഭവശേഷി ഇതിലേക്കായി കേന്ദ്രീകരിക്കുകയാണെന്ന ലക്ഷ്യം നേടുന്നതിനും സഹായകമാവും. (പേരിലും പ്രോജക്റ്റിന്റെ രേഖകളിലും നിർദിഷ്ട പദ്ധതികളായി തുടർന്നുകൊണ്ടുതന്നെ പ്രയോഗതലത്തിൽ മാത്രമുള്ള ഇണക്കി ച്ചേർക്കൽമതിയാവും).

ഇങ്ങനെ ആവശ്യമായി വരുന്ന സാമഗ്രികളുടെ ചില നിർദേശങ്ങൾ

- ◆ അധികപഠനപിന്തുണാ സാമഗ്രികൾ
- ◆ വർക്ക് ഷീറ്റുകൾ
- ◆ വായനക്കാർഡുകൾ, പ്രായത്തിനനുഗുണമായ പുസ്തകങ്ങൾ
- ◆ എല്ലാ കുട്ടികൾക്കും പോർട്ട്ഫോളിയോ ഫയൽ
- ◆ ഡിജിറ്റൽ പോർട്ട്ഫോളിയോ സംവിധാനം
- ◆ കുട്ടികളുടെ സിനിമ–വീഡിയോ–ഡോക്യുമെൻറ് ശേഖരം
- ◆ എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി സംവിധാനം. – ഷെൽഫ്, റാക്ക്/ഡിസ്പ്ലേ സംവിധാനം എന്നിവയും ആവശ്യമായ പുസ്തകങ്ങളും വായനക്കാർഡുകളും ഡിജിറ്റൽ

സാമഗ്രികളും

- ◆ എല്ലാ ക്ലാസ് ലൈബ്രറിയിലേക്കും മികച്ച ബാലമാസികകൾ - വാർഷിക വരിസംഖ്യയടച്ച് ലഭ്യതയുറപ്പാക്കൽ
- ◆ ഇനിയും ഈ പട്ടികയിൽ ചേർക്കാം.

- **പഠനോപകരണ സമ്പുഷ്ടവിദ്യാലയം:** 1 മുതൽ 4 വരെ ക്ലാസിലെ എല്ലാ വിഷയങ്ങളുടെയും പാഠ്യപദ്ധതിവിനിമയത്തിനാവശ്യമായ എല്ലാത്തരം പഠനോപകരണങ്ങളും (പാഠപുസ്തകം, അധ്യാപകസഹായി, പരിശീലനം എന്നിവയിൽ നിർദേശിച്ചിട്ടുള്ളതും അധ്യാപകർ ആവശ്യപ്പെടുന്നതും) അവയുടെ സൂക്ഷിപ്പ്/ പ്രദർശനസംവിധാനവും ഉണ്ടാകണം.
- **കുട്ടികളുടെ പ്രകടനവേദി :** എല്ലാ ക്ലാസിലും കുട്ടികളുടെ പ്രകടനവേദി (Performance Platform) ഉണ്ടാകുന്നത് ഓരോ ഘട്ടത്തിലും കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ സഹായകമാകും. കൂടാതെ തുടർവിലയിരുത്തലിനുള്ള ഒരു മാധ്യമമായി ഇതിനെ പ്രയോജനപ്പെടുത്തുകയും ചെയ്യാം.

### 9) തദ്ദേശസ്ഥാപനങ്ങൾ

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി പ്രത്യേക അജണ്ടയായി തദ്ദേശഭരണതല വിദ്യാഭ്യാസ സമിതി വിളിച്ചുചേർക്കണം. സ്കൂൾതല പ്രവർത്തനങ്ങളുടെ നിർവഹണം, അവലോകനം എന്നിവ സമിതിയിൽ നടക്കണം. മാസത്തിൽ ഒരു തവണയെങ്കിലും പി.ഇ.സി. വിളിച്ചു ചേർക്കേണ്ടതാണ്. ഇതിന്റെ തുടർച്ചയായി വിദ്യാലയ സന്ദർശനം ആസൂത്രണം ചെയ്യാവുന്നതാണ്. വാർഡുതലത്തിൽ വിളിച്ചു ചേർക്കുന്ന അയൽക്കൂട്ടസഭ കളിൽ അയൽപക്ക വിദ്യാലയപ്രവർത്തനങ്ങളെ പിന്തുണക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

### 10)മോണിറ്ററിങ്

സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ചിട്ടയായതും സമയബന്ധിതവുമായ മോണിറ്ററിങ് അനിവാര്യമാണ്. ഇതിനായി നിലവിലെ സംവിധാനങ്ങളെ കാര്യക്ഷമമാക്കുകയും കൃത്യമായി നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതി വിലയിരുത്തലും പദ്ധതിയുടെ അക്കാദമിക വിലയിരുത്തലും സംഘാടക സംബന്ധിയായ വിലയിരുത്തലും ഒരു പോലെ നടക്കേണ്ടതുണ്ട്. വിലയിരുത്തലിന്റെ തുടർച്ചയായി സ്കൂളുകൾക്ക് ആവശ്യമായ പഠനപിന്തുണയും ഉറപ്പുവരുത്തണം.

1) **സ്കൂൾതലം**

ഈ പദ്ധതിയുടെ പ്രയോഗകേന്ദ്രം സ്കൂളുകളാണ്. അതുകൊണ്ടുതന്നെ സ്കൂൾ തല മോണിറ്ററിങ് സംബന്ധിച്ച് കൃത്യമായ ധാരണ ഉണ്ടാക്കണം. വിദ്യാലയതലത്തിൽ പിന്തുണാസംവിധാനം ഒരുക്കേണ്ട ചുമതല പ്രഥമാധ്യാപകർക്കാണ്. ഇതിനായി ആവശ്യമായ ക്രമീകരണങ്ങൾ പ്രഥമാധ്യാപകർ ഒരുക്കേണ്ടതാണ്. ഈ പദ്ധതി പ്രവർത്തനങ്ങൾ കൂടി ഉൾച്ചേർത്തുകൊണ്ട് അക്കാദമിക മാസ്റ്റർപ്ലാൻ പരിഷ്കരിക്കണം.

സ്കൂൾതല മോണിറ്ററിങ് സംബന്ധിച്ച് കൃത്യമായ മാർഗ്ഗരേഖ സംസ്ഥാനതലത്തിൽ തയ്യാറാക്കണം.

2) **സബ്ജില്ലാതലം/ ബി.ആർ.സി.തലം**

സബ്ജില്ലാതല/ ബിആർസിതല മോണിറ്ററിങ് ഏകോപന ചുമതല എ.ഇ.ഒയ്ക്കായിരിക്കും. മോണിറ്ററിങ്ങിന്റെ അക്കാദമിക ചുമതല ഡയറ്റ് ഫാക്കൽറ്റിക്കായിരിക്കും. നിർവ്വഹണ ചുമതല എസ്.എസ്.കെ ബിപിസിക്കായിരിക്കും. ഈ തലത്തിലെ മോണിറ്ററിങ് ടീം മോണിറ്ററിങ് നടത്തുകയും കൃത്യമായ റിപ്പോർട്ട് തയ്യാറാക്കുകയും വേണം. ആവശ്യമായ അക്കാദമിക പിന്തുണ മോണിറ്ററിങ്ങിന്റെ തുടർച്ചയായി സ്കൂളുകൾക്ക് ലഭ്യമാക്കണം. ഇതോടൊപ്പം ബി.ആർ.സി ട്രെയിനർമാർ, സി.ആർ.സി കോർഡിനേറ്റർമാർ എന്നിവരുടെ സഹായത്തോടെ തൽസമയ അക്കാദമിക പിന്തുണ നൽകാനുള്ള സംവിധാനവും ഒരുക്കേണ്ടതാണ്. ഇത്തരത്തിൽ അക്കാദമിക പിന്തുണ നൽകാൻ ട്രെയിനർമാരെയും സി.ആർ.സി. കോ-ഓർഡിനേറ്റർമാരെയും പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം ഇവർക്ക് മുൻകൂട്ടി നൽകേണ്ടതാണ്. ഈ തലത്തിലെ മോണിറ്ററിങ് സംബന്ധിച്ച മാർഗ്ഗരേഖ സംസ്ഥാനതലത്തിൽ തയ്യാറാക്കണം.

3) **ജില്ലാതലം**

ജില്ലാതല മോണിറ്ററിങ്ങിന്റെ ഏകോപന ചുമതല DDE യ്ക്കായിരിക്കും. DIET പ്രിൻസിപ്പാളിനായിരിക്കും മോണിറ്ററിങ്ങിന്റെ അക്കാദമിക ചുമതല. സമഗ്രശിക്ഷ DPC യ്ക്കായിരിക്കും നിർവഹണ ചുമതല. ആവശ്യമായ പിന്തുണ വിദ്യാകിരണം ജില്ലാ കോർഡിനേറ്റർമാർ നൽകേണ്ടതാണ്. കൈറ്റ് കോർഡിനേറ്ററുടെ സേവനവും തേടണം. ജില്ലാതല മോണിറ്ററിങ് സംബന്ധിച്ച മാർഗ്ഗരേഖ സംസ്ഥാനാടിസ്ഥാനത്തിൽ തയ്യാറാക്കണം.

**11)അവലോകനയോഗങ്ങൾ**

ആസൂത്രണ അവലോകന യോഗങ്ങൾ മാസത്തിൽ ഒരുതവണ എന്ന രീതിയിൽ നടക്കണം.അതത് തലത്തിൽ രൂപീകരിച്ചിട്ടുള്ള സംഘടനാ സംവിധാനങ്ങൾക്കായിരിക്കും അവലോകന യോഗങ്ങളുടെ ചുമതല.

**1) സ്കൂൾതലം :** ഹെഡ് മാസ്റ്റർ, എസ്.ആർ.ജി കൺവീനർ, ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ അധ്യാപകർ എന്നിവരായിരിക്കണം സ്കൂൾതല അവലോകന യോഗത്തിൽ പങ്കെടുക്കേണ്ടത്. ആവശ്യ സന്ദർഭങ്ങളിൽ പി.ടി.എ ഭാരവാഹികൾ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, പ്രാദേശിക വിദഗ്ധർ എന്നിവരെയും പങ്കെടുപ്പിക്കാം. പദ്ധതി ഉയർന്ന ക്ലാസ്സുകളിലേക്ക് വ്യാപിപ്പിക്കുമ്പോൾ അതിനനുസരിച്ചുള്ള മാറ്റങ്ങൾ വരുത്താവുന്നതാണ്.

**2)സബ്ജില്ലാതലം/ബ്ലോക്ക് തലം :** അവലോകന യോഗത്തിൽ എഇഒ, ചുമതലയുള്ള ഡയറ്റ് ഫാക്കൽറ്റി, ബി പി സി, കൈറ്റ് മാസ്റ്റർ ട്രെയിനർ, പ്രധാന അധ്യാപകർ എന്നിവർ പങ്കെടുക്കണം.

**3) ജില്ലാതലം :** അവലോകന യോഗത്തിൽ DDE, DIET പ്രിൻസിപ്പാൾ, DPC,വിദ്യാകിരണം കോർഡിനേറ്റർ, ആർഡിഡി, എഡി, DEO മാർ, DPO മാർ, AEO മാർ,

DIET ഫാക്കൽറ്റിമാർ, ബി.പി.സി മാർ, കൈറ്റ് മാസ്റ്റർ ട്രെയിനർമാർ എന്നിവർ പങ്കെടുക്കേണ്ടതാണ്.

**4)സംസ്ഥാനതലം :** റിവ്യൂ യോഗത്തിൽ DGE, SCERT ഡയറക്ടർ, സമഗ്രശിക്ഷ കേരളം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, വിദ്യാകിരണം കോർഡിനേറ്റർ, SIEMAT ഡയറക്ടർ, SIET ഡയറക്ടർ, KITE സി.ഇ.ഒ, ADPI (academic), QIP ചുമതലയുള്ള ഓഫീസർമാർ എന്നിവരെ കൂടാതെ DDE മാർ, DIET പ്രിൻസിപ്പാൾമാർ, DPC മാർ, ജില്ലാ വിദ്യാകിരണം കോർഡിനേറ്റർമാർ, കൈറ്റ് ജില്ലാ ചുമതലക്കാർ, ആർഡിഡി, എഡി എന്നിവരും പങ്കെടുക്കേണ്ടതാണ്.

5) നിശ്ചിത ഇടവേളകളിൽ സംസ്ഥാന- ജില്ലാ-ഉപജില്ലാതല വിലയിരുത്തൽ യോഗങ്ങൾ നടക്കുന്നുവെന്ന് കൃത്യമായി ഉറപ്പിക്കേണ്ടതുണ്ട്.

6)അവലോകന യോഗങ്ങൾ സംബന്ധിച്ച് ഒരു പൊതുമാർഗ്ഗരേഖ വികസിപ്പിക്കേണ്ടതുണ്ട്.

7) സംസ്ഥാനതലത്തിൽ വിലയിരുത്തലും മോണിറ്ററിങ്ങും അവലോകന യോഗങ്ങളും നടത്തുന്നതിനുള്ള ചുമതല പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ആയിരിക്കും. ഇതിന്റെ അക്കാദമിക ചുമതല എസ്.സി.ഇ.ആർ.ടിക്കും നിർവഹണ ചുമതല എസ്.എസ്.കെ ക്കായിരിക്കും. സംസ്ഥാന തല യോഗങ്ങൾ ശില്പശാലാ രീതിയിൽ നടത്താം. അതിനായുള്ള ചുമതല സീമാറ്റ് കേരളക്കായിരിക്കും.

## 12) സമഗ്രഗുണമേന്മ വിദ്യാഭ്യാസപദ്ധതി - പ്രവർത്തന രൂപരേഖ

| **ക്രമനമ്പർ** | **പ്രവർത്തനം** | **സമയക്രമം** |
|---|---|---|
| 1 | പദ്ധതി രൂപരേഖ അന്തിമമാക്കി സർക്കാരിന് സമർപ്പിക്കൽ | ആഗസ്റ്റ് |
| 2 | പ്രവർത്തനരൂപരേഖ തയ്യാറാക്കൽ<br>ഇൻഡിക്കേറ്റർ തയ്യാറാക്കൽ. അതനുസരിച്ച് ചോദ്യങ്ങൾ/ കുട്ടികളുടെ ഉത്തരക്കടലാസുകൾ പരിശോധിക്കൽ, സാമ്പ്ലിംഗ് ടൂൾ തയ്യാറാക്കൽ , ജില്ലാ ബ്ലോക്ക് നിർവ്വഹണ കലണ്ടർ തയ്യാറാക്കൽ ഇവയുടെ നിർവ്വഹണം | ആഗസ്റ്റ്/ സെപ്റ്റംബർ |
| 3 | അധിക പഠനപിന്തുണാ സാമഗ്രികൾ | ആഗസ്റ്റ്- ഫെബ്രുവരി ആവശ്യാനുസരണം. |
| 4 | ബി.ആർ.സി പരിശീലകർക്കുള്ള പരിശീലന മോഡ്യൂൾ തയ്യാറാക്കൽ ശില്പശാലകൾ | ആഗസ്റ്റ്- ജനുവരി- ആവശ്യാനുസരണം |

| | | |
|---|---|---|
| 5 | ബി.ആർ.സി. പരിശീലകരുടെ ജില്ലാതല ശില്പശാല (പരിശീലനത്തിന് മുമ്പുള്ള അസൈൻമെൻറ് നൽകലടക്കം) | ആഗസ്റ്റ്– ജനുവരി–ആവശ്യാനുസരണം |
| 6 | ബി ആർ സി പരിശീലകരുടെ പരിശീലനം | ആഗസ്റ്റ്–സെപ്റ്റംബർ |
| 7 | ബി.ആർ.സി. പരിശീലകരുടെ പ്രായോഗികാനുഭവപരിശീലനം | സെപ്റ്റംബർ |
| 8 | ബി.ആർ.സി. പരിശീലകരുടെ പരിശീലനം (ബൂസ്റ്റർ) | ഒക്ടോബർ |
| 9 | കുട്ടികളുടെ അക്കാദമിക നിലവാരനിർണയം –ഒന്നാം പാദവാർഷിക പരീക്ഷയുടെ അടിസ്ഥാനത്തിൽ – ബേസ്ലൈൻ | സെപ്റ്റംബർ |
| 10 | വിവിധ ഏജൻസികളുടെ പദ്ധതികളെ സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിക്ക് അനുസൃതമായി ചിട്ടപ്പെടുത്തൽ – ആസൂത്രണ ശില്പശാല | ആഗസ്റ്റ് സെപ്റ്റംബർ |
| 11 | സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി വിശദീകരണം – അധ്യാപക സംഘടനാശില്പശാല (സംസ്ഥാനതലം) | ആഗസ്റ്റ് സെപ്റ്റംബർ |
| 12 | സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി വിശദീകരണം – അധ്യാപക സംഘടനാശില്പശാല (ജില്ലാതലം) | സെപ്റ്റംബർ |
| 13 | വിദ്യാഭ്യാസ ഓഫീസർമാർ, ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ, രക്ഷകർത്താക്കൾ എന്നിവർക്കുള്ള പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ | ആഗസ്റ്റ്– സെപ്റ്റംബർ |
| 14 | അധ്യാപക പരിശീലനവും, വിലയിരുത്തലും | ആവശ്യാനുസരണം |
| 15 | വിദ്യാഭ്യാസ ഓഫീസർമാരുടെ പരിശീലനം | സെപ്റ്റംബർ |
| 16 | ഡയറ്റ് ഫാക്കൽറ്റി അംഗങ്ങളുടെ പരിശീലനം | സെപ്റ്റംബർ |
| 17 | ക്ലസ്റ്റർതല/ ബിആർസി തല അധ്യാപക ആസൂത്രണ അവലോകന ശില്പശാലകൾ | പ്രതിമാസം |
| 18 | സമഗ്രഗുണമേന്മാ വിദ്യാഭ്യാസപദ്ധതി– തദ്ദേശസ്വയം ഭരണതല എഡ്യൂക്കേഷൻ കമ്മിറ്റി | ആവശ്യാനുസരണം |
| 19 | പഠനപാക്കേജുകളുടെ വികസനം | ആഗസ്റ്റ്– ഫെബ്രുവരി |

| | | |
|---|---|---|
| | | |
| 20 | എസ്.ആർ.ജി.തല ആസൂത്രണവും തയ്യാറെടുപ്പും | സെപ്റ്റംബർ മുതൽ |
| 21 | പ്രോഗ്രാം സ്കൂൾതലത്തിൽ ആരംഭിക്കൽ | സെപ്റ്റംബർ- |
| 22 | രക്ഷാകർത്താക്കൾക്കുള്ള ബോധവൽക്കരണം (ക്ലാസ്തലം) | ഒക്ടോബർ |
| 23 | സംസ്ഥാനതല വിലയിരുത്തൽ ശില്പശാലകൾ | നിശ്ചിത ഇടവേളകളിൽ |
| 24 | ജില്ലാതല വിലയിരുത്തൽ ശില്പശാലകൾ | നിശ്ചിത ഇടവേളകളിൽ |
| 25 | ബ്ലോക്ക്തല വിലയിരുത്തൽ ശില്പശാലകൾ | പ്രതിമാസം |
| 26 | പഠനോപകരണ സമ്പുഷ്ടവിദ്യാലയം - ആവശ്യമായ പഠനോപകരണ പട്ടിക തയ്യാറാക്കൽ ശില്പശാല | സെപ്റ്റംബർ |
| 27 | പഠനോപാധി ശേഖരണ ക്യാമ്പയിൻ (സ്കൂൾതലം) | |
| 28 | പഠനോപകരണ നിർമാണ ശില്പശാല - സ്കൂൾതലം | |
| 29 | കുട്ടികളുടെ അക്കാദമിക നിലവാരം - ഇടക്കാല വിലയിരുത്തൽ ക്ലസ്റ്റർ ബിആർസി തലത്തിൽ മിഡ്ലൈൻ അസസ്മെന്റ് | ഡിസംബർ |
| 30 | ബി.ആർ.സി. പരിശീലകർക്കുള്ള പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ ജനുവരി ആദ്യവാരം | ജനുവരി |
| 31 | കുട്ടികളുടെ അക്കാദമിക നിലവാരം- വാർഷാന്ത്യവില യിരുത്തലിനുള്ള ടൂൾ നിർമാണം | ഫെബ്രുവരി |
| 32 | കുട്ടികളുടെ അക്കാദമിക നിലവാരം വർഷാന്ത്യ വിലയിരുത്തൽ (പ്രത്യേക ടൂൾ ഉപയോഗിച്ച്) | മാർച്ച് |
| 33 | പഠനോത്സവം, വിജയപ്രഖ്യാപനം, സാമൂഹ്യ വിലയിരുത്തൽ | |

## 13) പൊതു നിർദ്ദേശങ്ങൾ

1) കുട്ടികൾക്കും അധ്യാപകർക്കും സ്ഥാപനങ്ങൾക്കും മെന്റർമാർ ആവശ്യമായി വരും. ഇത് സംബന്ധിച്ച വിശദാംശം അതത് ഘട്ടങ്ങളിൽ നിർവ്വഹണ ഏജൻസി,

സംസ്ഥാനതലത്തിൽ ഈ പ്രവർത്തനം മോണിറ്റർ ചെയ്യുന്ന സംവിധാനങ്ങളുമായി ആലോചിച്ച് തീരുമാനിക്കാവുന്നതാണ്.

2) ക്ലാസ്സ് പ്രവർത്തനങ്ങളുടെ രൂപരേഖ അതത് ഘട്ടങ്ങളിൽ ലഭിക്കുന്ന ഫീഡ്ബാക്കിന്റെ അടിസ്ഥാനത്തിൽ പരിവർത്തനങ്ങൾക്ക് വിധേയമാക്കാവുന്നതാണ്. ഇതിനാവശ്യമായ വിവിധ തലങ്ങളിലുള്ള ശില്പശാലകൾ അതത് ഘട്ടങ്ങളിൽ നടത്താവുന്നതാണ്. ഈ പദ്ധതിയുടെ ഭാഗമായി നടക്കുന്ന ശില്പശാലകളെല്ലാം ക്രിയേറ്റീവ് ശില്പശാലകളായിരിക്കും.

3) പദ്ധതിയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ ഉരുത്തിരിഞ്ഞു വരുന്ന പുതിയ സാധ്യതകളെ പ്രയോജനപ്പെടുത്താൻ കഴിയണം. ഇതിനുള്ള നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും സംസ്ഥാന മോണിറ്ററിങ് സമിതിയുടെ അംഗീകാരത്തോടെ ബന്ധപ്പെട്ട ഏജൻസികൾക്ക് വികസിപ്പിക്കാവുന്നതാണ്.

4) 2023-24 അക്കാദമിക വർഷം ഒരു തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിന്നും രണ്ട് സ്കൂളുകൾ വീതം ആണ് കണ്ടെത്തേണ്ടത്. ഒരു LP സ്കൂളും ഒരു UP സ്കൂളിനോട് ചേർന്നുള്ള LP വിഭാഗവും കണ്ടെത്തുന്നതാകും ഉചിതം. ഏതെങ്കിലും സ്കൂളുകൾ സ്വമേധയാ ഈ പ്രവർത്തനത്തിന്റെ ഭാഗമാകാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവരേയും ഈ പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്.

5) 2024-25 അക്കാദമിക വർഷം കേരളത്തിലെ മുഴുവൻ LP വിഭാഗത്തിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കേണ്ടതാണ്. UP സ്കൂളിലേക്കും തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കണം. യു.പി ഘട്ടത്തിലേക്ക് വ്യാപിപ്പിക്കുന്നതിന് അനുസൃതമായി പ്രവർത്തന കലണ്ടറിൽ മാറ്റം വരുത്തേണ്ടതാണ്.

6) സ്കൂൾ തലത്തിലും ക്ലാസ്സ് തലത്തിലും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പിന്തുണക്കായി മെന്റർമാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

7) നിരന്തരമായ അക്കാദമിക ശ്രദ്ധ വേണ്ട പ്രവർത്തനമായതിനാൽ ഈ രംഗത്ത് പ്രവർത്തനാനുഭവങ്ങളുടെ വിദഗ്ധരെ ഉൾക്കൊള്ളിച്ച് സംസ്ഥാനത്തിലും ജില്ലതലങ്ങളിലും അക്കാദമിക കോർ ഗ്രൂപ്പ് രൂപീകരിക്കാവുന്നതാണ്. ഇതിനുള്ള ചുമതല എസ്.എസ്.കെക്കായിരിക്കും.

8) സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി ഗുണമേന്മാ വിദ്യാഭ്യാസത്തിനായുള്ള ഏകോപിത ശ്രമമാണ്. എന്നാൽ സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ പൊതുലക്ഷ്യങ്ങൾ മുൻനിർത്തി സമഗ്രശിക്ഷകേരളവും വിവിധ ഏജൻസികളും നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ അതത് ഏജൻസികൾക്ക് അവരുടെ വാർഷിക പദ്ധതി പ്രകാരം തുടരാവുന്നതാണ്.

## 14) സാമ്പത്തികം

വകുപ്പിന്റെ പരിധിയിലുള്ള വിവിധ ഏജൻസികൾക്ക് വിദ്യാഭ്യാസ ഗുണമേന്മാ പ്രവർത്തനങ്ങൾക്കായോ കുട്ടികളെ കേന്ദ്രീകരിച്ച് നടത്തേണ്ട പ്രവർത്തനങ്ങൾക്കായോ പഠനപിന്തുണ പ്രവർത്തനങ്ങൾക്കായോ പരിശീലനങ്ങൾക്കായോ ലഭ്യമാകുന്ന

കേന്ദ്രാവിഷ്കൃത ഫണ്ട്/ പ്ലാൻ ഫണ്ട്/ മറ്റ് ഫണ്ടുകൾ എന്നിവ ഈ പ്രവർത്തനത്തിനായി വിനിയോഗിക്കാവുന്നതാണ്.